പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3748 11.12.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യിൽ പ്രൊഫഷണലിസം

ചോദ്യം

ശ്രീമതി.പി. അയിഷാ പോറ്റി

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ

(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ പ്രൊഫഷണലിസം കൊണ്ടുവരുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ; | (എ) | പ്രൊഫഷണലിസം കൊണ്ടുവരുന്നതിനായി സർക്കാർ തലത്തിൽ സെലക്ഷൻ കമ്മിറ്റി രൂപീകരിച്ച് ജനറൽ മാനേജർ, ഡെപ്യൂട്ടി ജനറൽ മാനേജർ, ചാർട്ടേർഡ് / കോസ്റ്റ് അക്കൗണ്ടന്റ് തസ്തികകളിൽ ഓപ്പൺ മാർക്കറ്റിൽ നിന്നും കരാർ അടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തി വരുന്നു. ഇത്തരത്തിൽ നിയമനം നടത്തിയതിൽ ഒരു ജനറൽ മാനേജർ (ഫിനാൻസ് & അഡ്മിനിസ്ട്രേഷൻ), ഒരു ഡെപ്യൂട്ടി ജനറൽ മാനേജർ (ഓപ്പറേഷൻസ്), ഒരു ചാർട്ടേഡ് / കോസ്റ്റ് അക്കൗണ്ടന്റ് എന്നിവർ സേവനം അനുഷ്ഠിക്കുന്നു. അടിയന്തിര സാഹചര്യം കണക്കിലെടുത്ത് രണ്ട് പേരെ കൂടി ചാർട്ടേഡ് / കോസ്റ്റ് അക്കൗണ്ടന്റ് തസ്തികയിൽ കോർപ്പറേഷൻ നേരിട്ട് നിയമിച്ചിട്ടുണ്ട്.<br><br>ഷെഡ്യൂൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിനായി റൂട്ട് റാഷണലൈസേഷനിൽ പ്രാവീണ്യം തെളിയിച്ചിട്ടുള്ള Centre of Excellence in Urban Transport |

| | | | |
|---|---|---|---|
| | | | (CoEUT), CEPT യൂണിവേഴ്സിറ്റിയിലെ റിസർച്ച് അസിസ്റ്റന്റ് ശ്രീ ഡെന്നീസ് ജോസിനെ കൺസൽട്ടന്റായി നിയമിക്കുന്നതി നുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | കെ.എസ്.ആർ.ടി.സി.യിൽ പ്രൊട്ടക്റ്റഡ് ജീവനക്കാരുണ്ടോ; എങ്കിൽ എത്ര പേരുണ്ട്; പ്രൊട്ടക്ഷ ന്റെ മാനദണ്ഡങ്ങൾ എന്തെല്ലാ മെന്ന് വിശദമാക്കുമോ? | (ബി) | വ്യവസായ തൊഴിൽ തർക്ക നിയമം (Industrial Dispute Act) പ്രകാരം അംഗീകൃത തൊഴിലാളി സംഘടനകൾ നിർദ്ദേശിക്കുന്ന ജീവനക്കാർക്കുള്ള സ്ഥലം മാറ്റ സംരക്ഷണം പരമാവധി 100 ആയി നിജപ്പെടുത്തിയിട്ടുണ്ട്. നിലവിൽ ഇപ്രകാര മുള്ള സ്ഥലമാറ്റ സംരക്ഷണത്തിനായി അംഗീകൃത തൊഴിലാളി സംഘടനകൾ ജീവനക്കാരുടെ പട്ടിക സമർപ്പിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ഒരു ജീവനക്കാർക്കും സ്ഥലമാറ്റ സംരക്ഷണം നിലവിൽ അനുവദി ച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**